## റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് (ആർ. പി. എൽ.)

### കുളത്തൂപ്പുഴ എസ്റ്റേറ്റ്

### ടെണ്ടർ നോട്ടീസ്

ആർ.പി.എൽ വക കുളത്തൂപ്പുഴ എസ്റ്റേറ്റിലേക്കു വിവിധ കളക്ടിംഗ് സ്റ്റേഷനിൽ ശേഖരിച്ചു വരുന്ന റബ്ബർ ലാറ്റക്സ് വാഹനത്തിൽ കയറ്റി കമ്പനിയുടെ കുളത്തൂപ്പുഴ എസ്റ്റേറ്റ്, അഭയഗിരി ഫാക്ടറിയിൽ എത്തിക്കുന്നതിനായി ഗുഡ്സ് പെർമിറ്റ് ഉള്ള 15 വർഷത്തിൽ താഴ പഴക്കമുള്ള രണ്ട് ടാങ്കർ ലോറികൾ 9000 ലിറ്റർ കുറയാതെ ശേഷി ഉള്ളത് ആറു മാസത്തേക്ക് വാടകയ്ക്ക് നൽകുന്നതിനുള്ള ടെണ്ടറുകൾ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിച്ചു കൊള്ളുന്നു.

**ടെണ്ടർ നിബന്ധനകൾ**

1. രാവിലെ റബ്ബർ മരങ്ങളുടെ ടാപ്പിംഗ് കഴിഞ്ഞതിനു ശേഷം കളക്ടിംഗ് സ്റ്റേഷനുകളിലെ ടാങ്കിൽ ശേഖരിച്ചു വയ്ക്കുന്ന റബ്ബർപാൽ (ലാറ്റക്സ്) അതാതു ദിവസങ്ങളിൽ തന്നെ വിവിധ കളക്റ്റിംഗ് സ്റ്റേഷനിൽ നിന്നും വാഹനത്തിൽ കയറ്റി അഭയഗിരി ഫാക്ടറിയിൽ എത്തിക്കുന്നതിനുള്ള വാഹനം ഡ്രൈവറോടുകൂടി കരാറുകാരൻ നൽകേണ്ടതാണ്.
2. ബന്ധപ്പെട്ട എസ്റ്റേറ്റ് മാനേജർ/ഡെപ്യൂട്ടി മാനേജർ നിർദ്ദേശപ്രകാരം വേണം റബ്ബർപാൽ (ലാറ്റക്സ്) കളക്റ്റിംഗ് സ്റ്റേഷനിൽ നിന്നും ശേഖരിച്ച് ഫാക്ടറിയിൽ എത്തിക്കേണ്ടത്
3. ഓരോ മാസത്തിലും വാഹനം ഓടേണ്ടി വരുന്ന ഏകദേശം ദൂരം താഴെ കാണിച്ചിരിക്കുന്നു. വാഹനം ഓടേണ്ട റോഡുകളും റോഡിന്റെ അവസ്ഥയും കരാറുകാരൻ നേരിട്ട് കണ്ട് ബോധ്യപ്പെടേണ്ടതും, ടെണ്ടർ സമർപ്പിച്ചശേഷം ഇതു സംബന്ധിച്ച പരാതികൾ ഉന്നയിക്കാൻ പാടില്ലാത്തതുമാണ്

| Division | ഓടേണ്ട ദൂരം (കിലോമീറ്റർ) ഒരു മാസം ശരാശരി |
|---|---|
| Tanker A | 500 |
| Tanker B | 500 |

മുകളിൽ പറഞ്ഞിരിക്കുന്ന ദൂരത്തിനേക്കാൾ അധികമായി ഓടേണ്ടി വരുന്ന ദൂരത്തിനു കിലോമീറ്റർ ഒന്നിന് എന്ന പ്രകാരം നിരക്ക് കരാറുകാരൻ പ്രത്യേകം ക്വോട്ട് ചെയ്യേണ്ടതാണ്.

4. ഓരോ വാഹനവും ഡ്രൈവറുൾപ്പെടെ നൽകുന്നതിന് കമ്പനി ഒരു കിലോമീറ്ററിന് നൽകേണ്ട ഏറ്റവും കുറഞ്ഞ തുകയാണ് ടെണ്ടറിൽ

കാണിക്കേണ്ടത്. ഓരോ വാഹനത്തിനും വെവ്വേറെ ടെണ്ടർ നൽകേണ്ടതാണ്.

5. ടെണ്ടർ ഉറപ്പിച്ച നൽകുന്ന തീയതി മുതൽ ആറു മാസമായിരിക്കും കാലാവധി. എങ്കിലും വാഹനം ആവശ്യമില്ല എന്നുകണ്ടാൽ കാലാവധി തീരുന്നതിന് മുൻപായി, 7 ദിവസത്തെ നോട്ടീസിന്മേൽ എപ്പോൾ വേണമെങ്കിലും കരാർ വേണ്ടെന്ന് വയ്ക്കുന്നതിനും പിൻമാറുന്നതിനും, കമ്പനിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. അപ്രകാരം ചെയ്യുന്നതാകയാൽ യാതൊരുവിധ നഷ്ടപരിഹാരത്തിനും കരാറുകാരൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

6. ലാറ്റക്സ് കുറവുള്ള സമയങ്ങളിലും, വാഹനം ആവശ്യമില്ലാത്ത മറ്റ് അവസരങ്ങളിലും വിവരം മുൻകൂറായി ടെലഫോൺ മുഖാന്തിരം എസ്റ്റേറ്റ് മാനേജർ/ഡെപ്യൂട്ടി മാനേജർ, കരാറുകാരനെ അറിയിക്കുന്നതും ഈ ദിവസങ്ങളിൽ വാഹനം നൽകേണ്ടതില്ലാത്തതുമാണ്

7. വാഹനം ഉപയോഗിക്കുന്ന കിലോമീറ്റർ റീഡിങ് ലോഗ് ബുക്കിൽ രേഖപ്പെടുത്തി കൃത്യമായി കമ്പനിയാധികാരികളുടെ സാക്ഷ്യപ്പെടുതലോടുകൂടി സൂക്ഷിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട യാതൊരു വിധ അവകാശവാദങ്ങളും ഉന്നയിക്കാൻ കരാറുകാരന് അവകാശം ഉണ്ടായിരിക്കുന്നതല്ല.

8. കമ്പനിക് വാടകയ്ക്ക് നൽകാൻ ഉദ്ദേശിക്കുന്ന വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റിന്റെ പകർപ്പ് ടെണ്ടറിനോടോപ്പം സമർപ്പിക്കുകയും കരാറുകാരൻ എഗ്രിമെന്റ് വയ്ക്കുമ്പോൾ ഒറിജിനൽ ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത വാഹനം മാത്രമേ ലാറ്റക്സ് കൊണ്ട് വരുമ്പോൾ ഉപയോഗിക്കുവാൻ പാടുള്ളൂ. അത്യാവശ്യ ഘട്ടങ്ങളിൽ മറ്റ് വാഹനം ഉപയോഗിക്കണമെങ്കിൽ ബന്ധപ്പെട്ട എസ്റ്റേറ്റ് മാനേജർ/ഡെപ്യൂട്ടി മാനേജരുടെ മുൻകൂർ അനുവാദം വാങ്ങിയിരിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ഇപ്രകാരം ബദൽ സംവിധാനം കരാറുകാരന് സാധിക്കാതെവന്നാൽ. കമ്പനി ബദൽ സംവിധാനം ഏർപ്പെടുത്തുന്നവഴി വരുന്ന ചെലവ്/ നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും. ഇപ്രകാരം ബദൽ സംവിധാനം ഏർപ്പെടുത്തുമ്പോൾ കമ്പനിക്കു ചെലവാകുന്ന തുക കരാറുകാരൻറെ തുകയേക്കാൾ കുറവായാൽ ആയതിൽ കരാറുകാരന് അവകാശം ഉണ്ടായിരിക്കുന്നതല്ല.

9. കരാറുകാരനോ ടിയാളുടെ ജീവനക്കാരോ കമ്പനിയിലെ അച്ചടക്ക നിയമങ്ങൾക്ക് വിരുദ്ധമായി നടപടികളിൽ ഏർപ്പെട്ടതായി കണ്ടാൽ മുന്നറിയിപ്പ കൂടാതെ കരാർ റദ്ദാക്കുന്നതും കരാറുകാരന്റെ പേരിൽ